ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 10.08.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് കർണാടക സന്ദർശിക്കും. ബെംഗളൂരുവിൽ മൂന്നു വന്ദേ ഭാരത് എക്സ്പ്രസ് ട്രെയിനുകൾ ഉൾപ്പെടെ വിവിധ പദ്ധതികൾ നാടിന് സമർപ്പിക്കും.

   **Prime Minister Narendra Modi will visit Karnataka today. PM will dedicate various projects to the country, including three Vande Bharat Express trains, in Bengaluru.**

2. ഇന്ന് ലോക സിംഹദിനം. ഗുജറാത്തിലെ ബർഡ വന്യജീവി സങ്കേതത്തിൽ നടക്കുന്ന ദിനാഘോഷങ്ങളിൽ കേന്ദ്രമന്ത്രി ഭൂപേന്ദർ യാദവ് പങ്കെടുക്കും.

   **Today is World Lion Day. Union Minister Bhupender Yadav will participate in the celebrations at the Barda Wildlife Sanctuary in Gujarat.**

3. ജനാധിപത്യ സംവിധാനത്തിൽ സേവിക്കപ്പെടേണ്ടവരാണ് ജനങ്ങളെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. .

   **people should be served in a democratic system says CM Pinarayi Vijayan.**

4. യുക്രെയ്ൻ സംഘർഷം അവസാനിപ്പിക്കുന്നത് ലക്ഷ്യമിട്ടുള്ള അമേരിക്ക-റഷ്യ കൂടിക്കാഴ്ചയെ സ്വാഗതം ചെയ്ത് ഇന്ത്യ.

   **India welcomes the US-Russia meeting aimed to end the Ukraine conflict.**

5. **Quantbox** ചെന്നൈ ഗ്രാൻഡ് മാസ്റ്റേഴ്സ് ചെസ് ടൂർണമെന്റിൽ ഇന്ത്യൻ കുതിപ്പ്.

   **Indian surge in Quantbox Chennai Grand Masters chess tournament.**

&&&&&&&&&&&&&&&&&&

## PM - KARNATAKA

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് കർണാടക സന്ദർശിക്കും. ബെംഗളൂരുവിൽ മൂന്നു വന്ദേ ഭാരത് എക്സ്പ്രസ് ട്രെയിനുകളും ബാംഗ്ലൂർ മെട്രോയുടെ യെല്ലോ ലൈനും പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യും. ബെംഗളൂരുവിൽ നിന്ന് ബെലഗാവിയിലേക്കും, അമൃത്സറിൽ നിന്ന് ശ്രീ മാതാ വൈഷ്ണോ ദേവി കത്രയിലേക്കും, നാഗ്പൂർ മുതൽ പൂനെയിലേക്കുമുള്ള ട്രെയിനുകൾ ഇതിൽ ഉൾപ്പെടുന്നു. തുടർന്ന്, ഒരു പൊതു പരിപാടിയിൽ പങ്കെടുക്കുന്ന പ്രധാനമന്ത്രി ബെംഗളൂരുവിലെ നഗര വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും നടത്തും. കൂടാതെ 15,610 കോടിയിലധികം രൂപയുടെ ബാംഗ്ലൂർ മെട്രോ ഫേസ്-3 പദ്ധതിയുടെ തറക്കല്ലിടലും നടത്തും . 31 എലിവേറ്റഡ് സ്റ്റേഷനുകളുള്ള പദ്ധതിയുടെ ആകെ ദൂരം 44 കിലോമീറ്ററിലധികം ആണ് .

&&&&&&&&&&&&&&&&&&&

## PM- KASHMIR FRIGHT TRAIN

കശ്മീർ താഴ്‌വരയിലേക്കുള്ള ആദ്യ ചരക്ക് തീവണ്ടിയുടെ വരവിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രശംസിച്ചു, ഇത് മേഖലയെ ദേശീയ ചരക്ക് ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിൽ ഒരു സുപ്രധാന നാഴികക്കല്ലാണെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവിന്റെ സമൂഹമാധ്യമക്കുറിപ്പിന് മറുപടിയായി അദ്ദേഹം പറഞ്ഞു. ചരക്ക് തീവണ്ടി സർവ്വീസ്, ജമ്മു കശ്മീരിലെ വാണിജ്യത്തിനും കണക്റ്റിവിറ്റിക്കും മികച്ച അവസരമാണെന്നും ഇത് പുരോഗതിയും സമൃദ്ധിയും വർദ്ധിപ്പിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു. പഞ്ചാബിൽ നിന്ന് കശ്മീർ താഴ്‌വരയിലെ പുതുതായി കമ്മീഷൻ ചെയ്ത അനന്ത്നാഗ് ഗുഡ്സ് ഷെഡിൽ ഇന്നലെ ആദ്യത്തെ ചരക്ക് തീവണ്ടി എത്തിയതായി ശ്രീ അശ്വിനി വൈഷ്ണവ് തന്റെ പോസ്റ്റിൽ പറഞ്ഞു. ശ്രീനഗർ-ജമ്മു ഹൈവേയിൽ പലപ്പോഴും മണ്ണിടിച്ചിൽ, വെടിവെപ്പ്, റോഡ് തകർച്ചകൾ എന്നിവയാൽ തടസ്സപ്പെടുന്ന ചരക്ക് നീക്കത്തിന്റെ ബുദ്ധിമുട്ട് ഇല്ലാതാക്കുന്നതിലൂടെയും ഗതാഗത ചെലവ്

കുറയ്ക്കുന്നതിലൂടെയും ഈ വികസനം പ്രാദേശിക സമ്പദ്‌വ്യവസ്ഥയെ ഗണ്യമായി ഉയർത്തുമെന്ന് പ്രതീക്ഷിക്കുന്നു.

&&&&&&&&&&&&&&&&&&

## WORLD LION DAY (INTRO)

ഇന്ന് ലോക സിംഹദിനം. ദിനാചരണത്തോട് അനുബന്ധിച്ച് ഗുജറാത്തിലെ ബർഡ വന്യജീവി സങ്കേതത്തിൽ നടക്കുന്ന പരിപാടിയിൽ കേന്ദ്രമന്ത്രി ഭൂപേന്ദർ യാദവും ഗുജറാത്ത് മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേലും പങ്കെടുക്കും. 180 കോടി രൂപയുടെ വന്യജീവി സംരക്ഷണ പദ്ധതിക്ക് ഇന്ന് തുടക്കം കുറിക്കും.

(വിശദാംശങ്ങളിലേക്ക്) ...... വോയ്സ്)

## WORLD LION DAY (VOICE)

ലോകമെമ്പാടുമുള്ള സിംഹങ്ങളുടെ പരിപാലനത്തെയും സംരക്ഷണത്തെയും കുറിച്ച് അവബോധം വളർത്തുക എന്നതാണ് എല്ലാ വർഷവും ആഗസ്റ്റ് 10ന് ആഘോഷിക്കപ്പെടുന്ന ലോക സിംഹ ദിനത്തിന്റെ ലക്ഷ്യം. കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം ഗുജറാത്ത് സർക്കാരിന്റെ വനം, പരിസ്ഥിതി വകുപ്പുമായി സഹകരിച്ചാണ് ബർദ വന്യജീവി സങ്കേതത്തിൽ ലോക സിംഹ ദിനാചരണം സംഘടിപ്പിക്കുന്നത്. ഗുജറാത്തിൽ, സൗരാഷ്ട്ര മേഖലയിൽ മാത്രം കാണപ്പെടുന്ന ഒരു സവിശേഷ പാരിസ്ഥിതിക, സാംസ്കാരിക നിധിയാണ് ഏഷ്യൻ സിംഹം. 2020 മുതൽ ഗുജറാത്തിലെ സിംഹങ്ങളുടെ എണ്ണം 32 ശതമാനം വർദ്ധിച്ചു. സിംഹങ്ങളുടെ എണ്ണം 2020 ൽ 674 ആയിരുന്നത് 2025 മെയ് മാസത്തെ കണക്കെടുപ്പ് അനുസരിച്ച് 891 ആയി ഉയർന്നിട്ടുണ്ട്....

**ന്യൂസ്ഡെസ്ക്, ആകാശവാണി**

&&&&&&&&&&&&&&&&&&

## PM-HAR GHAR TIRANGA

ഹർ ഘർ തിരംഗ പരിപാടിയിലെ മികച്ച ജന പങ്കാളിത്തത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി സന്തോഷം പ്രകടിപ്പിച്ചു. ഇത് ഇന്ത്യൻ ജനതയെ ഒന്നിപ്പിക്കുന്ന ദേശസ്നേഹവും, ത്രിവർണ്ണ പതാകയോടുള്ള ആദരവും പ്രതിഫലിപ്പിക്കുന്നുവെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. harghartiranga.com-ൽ തങ്ങളുടെ ഫോട്ടോകളും

സെൽഫികളും പങ്കിടുന്നത് തുടരാനും അദ്ദേഹം ജനങ്ങളോട് അഭ്യർത്ഥിച്ചു. ഹർ ഘർ തിരംഗ കാമ്പെയ്നിലെ മികച്ച പങ്കാളിത്തത്തെക്കുറിച്ചുള്ള സാംസ്കാരിക മന്ത്രാലയത്തിന്റെ പോസ്റ്റുകൾക്ക് മറുപടിയായാണ് പ്രധാനമന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്.

&&&&&&&&&&&&&&&&&&&

## ROBERT VADRA

ഗുരുഗ്രാം ഭൂമി ഇടപാടിൽ കോൺഗ്രസ് എം പി പ്രിയങ്ക ഗാന്ധിയുടെ ഭർത്താവും വ്യാപാരിയുമായ റോബർട്ട് വാദ്രയ്ക്ക് അനധികൃതമായി 58 കോടി രൂപ ലഭിച്ചതായി എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്. പണത്തട്ടിപ്പുമായി ബന്ധപ്പെട്ട പ്രത്യേക കോടതിയിൽ ED അറിയിച്ചതാണ് ഇക്കാര്യം. വിഷയത്തിൽ റോബർട്ട് വാദ്രയ്ക്ക് കോടതി നോട്ടീസ് നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&&

## FISHERMEN

തമിഴ്നാട്ടിൽ നിന്നുള്ള ഏഴ് ഇന്ത്യൻ മത്സ്യത്തൊഴിലാളികളെയും അവരുടെ മത്സ്യബന്ധന ബോട്ടിനെയും ശ്രീലങ്കൻ നാവികസേന പിടികൂടിയതിൽ ഇടപെടണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രി എം.കെ.സ്റ്റാലിൻ വിദേശകാര്യ മന്ത്രി എസ്. ജയശങ്കറിന് കത്തയച്ചു. ഈ വിഷയത്തിൽ ശക്തവും ഏകോപിതവുമായ പ്രതികരണം ആരംഭിക്കണമെന്നും അറസ്റ്റിലായ എല്ലാ മത്സ്യത്തൊഴിലാളികളെയും അവരുടെ ബോട്ടുകളെയും ഉടൻ മോചിപ്പിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&&&

## VOTERS LIST - KERALA

കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിൻറെ വോട്ടർപട്ടിക പുതുക്കലിൻറെ ഭാഗമായി തദ്ദേശസ്ഥാപനങ്ങൾ ഇന്നും പ്രവർത്തിക്കും. കരട് വോട്ടർപട്ടിക പുതുക്കുന്നതിനുള്ള തീയതി ഈ മാസം 12 വരെ നീട്ടിയിട്ടുണ്ട്. 2025 ജനുവരി ഒന്നിനോ അതിന് മുൻപോ 18 വയസ്സ് പൂർത്തിയായവർക്ക് വോട്ടർപട്ടികയിൽ പേര്

ചേർക്കാം. അന്തിമ വോട്ടർ പട്ടിക ഈ മാസം 30 ന് പ്രസിദ്ധീകരിക്കും.

&&&&&&&&&&&&&&&&&&

## CM KERALA-CIVIL SERVICE (INTRO)

ജനാധിപത്യ സംവിധാനത്തിൽ ജനങ്ങളാണ് യജമാനൻമാർ എന്ന കാഴ്ചപ്പാട് പൂർണ്ണമായും ഉൾക്കൊള്ളേണ്ടതുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ജനങ്ങൾ ഭരിക്കപ്പെടേണ്ടവരല്ല മറിച്ച്, സേവിക്കപ്പെടേണ്ടവരാണെന്നും മുഖ്യമന്ത്രി പറഞ്ഞു. കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമി തിരുവനന്തപുരം മാസ്കറ്റ് ഹോട്ടലിൽ സംഘടിപ്പിച്ച സിവിൽ സർവീസ് പരീക്ഷാ വിജയികൾക്കുള്ള അനുമോദന ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജനാധിപത്യത്തോട് ഉയർന്ന ആദരവു പുലർത്തും വിധമാകണം ഭരണനിർവ്വഹണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

(ഹോൾഡ്-വോയ്സ്)

സംസ്ഥാന സിവിൽ സർവീസ് അക്കാദമിയിൽ പഠിച്ച് സിവിൽ സർവീസ് പരീക്ഷയിലും ഇന്ത്യൻ ഫോറസ്റ്റ് സർവീസ് പരീക്ഷയിലും ഉന്നത വിജയം നേടിയ 45 പേർക്ക് മുഖ്യമന്ത്രി ഉപഹാരങ്ങൾ വിതരണം ചെയ്തു.

&&&&&&&&&&&&&&&&&&

## IIST - VALIYAMALA

കേന്ദ്ര ബഹിരാകാശ വകുപ്പിന് കീഴിൽ തിരുവനന്തപുരം വലിയമലയിൽ സ്ഥിതി ചെയ്യുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആൻഡ് ടെക്നോളജിയുടെ പതിമൂന്നാമത് ബിരുദദാന ചടങ്ങ് ഇന്ന് നടക്കും. ഐഎസ്ആർഒ ചെയർമാൻ ഡോ. വി. നാരായണൻ ബിരുദദാന പ്രസംഗം നടത്തും. ഐ ഐ ടി ഖരഗ്പൂർ ഡയറക്ടർ സുമൻ ചക്രവർത്തി മുഖ്യാതിഥിയായി പങ്കെടുക്കും. ബിരുദ, ബിരുദാനന്തര, ഡോക്ടറൽ പ്രോഗ്രാമുകളിലായി ആകെ 290 പേർക്ക് ബിരുദങ്ങൾ നൽകും.

&&&&&&&&&&&&&&&&&&

## DEWASWOM-EXAM

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് തൃശൂർ ജില്ലയിലെ വിവിധ പരീക്ഷാകേന്ദ്രങ്ങളിൽ ഇന്ന് നടത്താൻ നിശ്ചയിച്ചിരുന്ന പരീക്ഷകളിൽ മാറ്റം. ഗുരുവായൂർ ദേവസ്വത്തിലെ ഹെൽപ്പർ, അസിസ്റ്റന്റ് ലൈൻമാൻ, എന്നീ തസ്തികകളിലേക്കുള്ള പൊതു പരീക്ഷ സാങ്കേതിക കാരണങ്ങളാൽ അസിസ്റ്റൻ്റ് ലൈൻമാൻ എന്ന തസ്തികയിലേക്ക് അപേക്ഷിച്ച ഉദ്യോഗാർത്ഥികൾക്ക് മാത്രമായി പരിമിതപ്പെടുത്തിയതായി അധികൃതർ അറിയിച്ചു. ഇന്ന് ഉച്ച കഴിഞ്ഞ് നടത്തുന്ന പൊതു പരീക്ഷയിൽ ഹെൽപ്പർ തസ്തികയിലേയ്ക്ക് മാത്രം അപേക്ഷിച്ച ഉദ്യോഗാർത്ഥികൾ പങ്കെടുക്കേണ്ടതില്ല. പുതുക്കിയ പരീക്ഷാതീയതി പിന്നീട് അറിയിക്കും.

&&&&&&&&&&&&&&&&&&

## IMD - WEATHER

ഉത്തരാഖണ്ഡിലും ഹിമാചൽ പ്രദേശിലും അടുത്ത 7 ദിവസങ്ങളിൽ കനത്തതോ അതിശക്തമായതോ ആയ മഴ ലഭിക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പശ്ചിമ ബംഗാൾ, അസം, സിക്കിം, ബീഹാർ, മേഘാലയ, അരുണാചൽ പ്രദേശ് എന്നിവിടങ്ങളിൽ സമാനമായ കാലാവസ്ഥ തുടരുമെന്ന് IMD പ്രവചിച്ചു. മധ്യ, വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ ഇന്ന് കനത്ത മഴ ലഭിക്കുമെന്ന് കാലാവസ്ഥാ ഏജൻസി അറിയിച്ചു. അതേസമയം ശക്തമായ കാറ്റിന് സാധ്യതയുള്ളതിനാൽ ലക്ഷദ്വീപ് പ്രദേശത്ത് ഇന്ന് മത്സ്യബന്ധനത്തിന് പോകരുതെന്ന് നിർദ്ദേശമുണ്ട്.

&&&&&&&&&&&&&&&&&&

## CHENNAI OPEN CHESS

Quantbox ചെന്നൈ ഗ്രാൻഡ് മാസ്റ്റേഴ്സ് ടൂർണമെന്റിൽ ഇന്ത്യൻ കുതിപ്പ്. അമേരിക്കൻ ഗ്രാൻഡ് മാസ്റ്റർ റേ റോബ്സണിനെ ഇന്ത്യൻ ഗ്രാൻഡ് മാസ്റ്റർ അർജുൻ ഏറിഗയ്സി ഇന്നലെ നടന്ന മത്സരത്തിൽ തോൽപ്പിച്ചു. ഇതോടെ അര്ജുന് 2.5 പോയിന്റ് ആയി. നിഹാൽ സരിനെതിരെ നടന്ന നിർണായക മത്സരത്തിൽ

ഇന്ത്യൻ ഗ്രാൻഡ് മാസ്റ്റർ വിദിത് ഗുജറാത്തി വിജയം നേടി. ടൂർണമെന്റിലെ ഏറ്റവും പ്രായം കുറഞ്ഞ കളിക്കാരിൽ ഒരാളായ വി പ്രണവ് ,ടോപ് സീഡ് അനീഷ് ഗിരിയെ സമനിലയിൽ കുരുക്കി. ചലഞ്ചേഴ്‌സ് സെക്ഷനിൽ അഭിമന്യു പുരാണിക് വിജയിച്ചു.

&&&&&&&&&&&&&&&&&&

**INDIA-US RUSSIA**

അലാസ്കയിൽ കൂടിക്കാഴ്ച നടത്താനുള്ള അമേരിക്ക-റഷ്യ തീരുമാനത്തെ സ്വാഗതം ചെയ്ത് ഇന്ത്യ. യുക്രൈനിലെ സംഘർഷത്തിനു അവസാനം കാണാനും,സമാധാന ശ്രമങ്ങൾക്ക് വഴി തുറക്കാനും ഈ മാസം 15 നു നിശ്ചയിച്ചിരിക്കുന്ന യോഗം കാരണമാകുമെന്ന് വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു. ഇത് യുദ്ധങ്ങളുടെ കാലഘട്ടമല്ലെന്നു പ്രധാനമന്ത്രി നരേന്ദ്രമോദി പലകുറി വ്യക്തമാക്കിയിട്ടുള്ളതാണെന്നും,റഷ്യ-യുഎസ് കൂടിക്കാഴ്ചയെ ഇന്ത്യ പൂർണമായി പിന്തുണയ്ക്കുന്നെന്നും മന്ത്രാലയം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

**PUTIN - LULA**

റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ ബ്രസീൽ പ്രസിഡന്റ് ലൂയിസ് ഇനാസിയോ ലുല ഡ സിൽവയുമായി ഇന്നലെ സംഭാഷണം നടത്തി . അമേരിക്കയുമായുള്ള ചർച്ചകളെക്കുറിച്ചും ഉക്രൈനിലെ സമാധാന ശ്രമങ്ങളെ ക്കുറിച്ചും പുടിൻ വിശദീകരിച്ചു. ബ്രിക്സ് കൂട്ടായ്മയിലെ സഹകരണത്തെക്കുറിച്ചും നിലവിലെ അന്താരാഷ്ട്ര രാഷ്ട്രീയ, സാമ്പത്തിക സ്ഥിതിയും ഇരുവരും അവലോകനം ചെയ്തു.

&&&&&&&&&&&&&&&&&&

**ZELENSKY-TRUMP-PUTIN**

അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപും റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനും തമ്മിൽ അടുത്തയാഴ്ച നടക്കാനിരിക്കുന്ന കൂടിക്കാഴ്ചയോടു പ്രതികരിച്ച് യുക്രൈൻ

പ്രസിഡന്റ് വോളോഡിമിർ സെലൻസ്കി. യുക്രെയ്ൻ, റഷ്യയ്ക്ക് ഒരുതരത്തിലുള്ള പ്രാദേശിക ഇളവും നൽകില്ലെന്ന് സെലെൻസ്കി പറഞ്ഞു. സമൂഹ മാധ്യമ കുറിപ്പിലാണ് അദ്ദേഹത്തിന്റെ പ്രതികരണം. യഥാർത്ഥവും ശാശ്വതവുമായ സമാധാനത്തിനായി പങ്കാളികളുമായി ചേർന്നു പ്രവർത്തിക്കാൻ തയ്യാറാണെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&